## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 531** **26.04. 2017 ൽ മറുപടിക്ക്**

### ഊർജ്ജ സംരക്ഷണത്തിന് സ്വീകരിച്ച നടപടികൾ

**ചോദ്യം**

ശ്രീ.വി.കെ.സി.മമ്മദ് കോയ

**ഉത്തരം**

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഊർജ്ജ സംരക്ഷണത്തിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്ന - തിനുവേണ്ടി 2016-17 ൽ 740 ലക്ഷം രൂപയും 2017-18 ൽ 814 ലക്ഷം രൂപയും ഇ.എം.സി..യ്ക്ക് വകയിരുത്തിയിട്ടുണ്ട്.<br>2016 ഡിസംബർ 14 ദേശീയ ഊർജ്ജ സംരക്ഷണ ദിനത്തോടനുബന്ധിച്ച് നാഷണൽ സർവ്വീസ് സ്കീം & എനർജി മാനേജ്മെന്റ് സെന്റർ, എനർജി കൺസർവേഷൻ സൊസൈറ്റി, വിവിധ റസിഡൻസ് അസോസിയേഷനുകൾ എന്നിവയുടെ പങ്കാളിത്തത്തോടെ കെ.എസ്.ഇ.ബി. സംസ്ഥാനമൊട്ടാകെ താഴെപ്പറയുന്ന ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ സംഘടിപ്പി ക്കുകയുണ്ടായി.<br>1 ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യം പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും എത്തിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ - വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ സൈക്കിൾ റാലി സംഘടിപ്പിച്ചു.<br>2. ഊർജ്ജ സംരക്ഷണ ക്യാമ്പയിന്റെ ഭാഗമായി ഡിസംബർ പതിനാലാം തീയതി സെക്രട്ടേറിയറ്റ് കവാടത്തിൽ രണ്ടായിരത്തോളം ആളുകളുടെ ഒപ്പ് ശേഖരണം നടത്തി.<br>3. സ്കൂളുകളിലും വിവിധ റസിഡൻസ് അസോസിയോഷനുകളിലും ഊർജ്ജ സംരക്ഷണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ക്ലാസുകളിൽ പങ്കെടുത്തവർക്ക് സി.എഫ്.എൽ സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തു.<br>4. ഡിസംബർ - 14 ന് എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും മാസ് റാലി സംഘടിപ്പിച്ചു.<br>5. കെ.എസ്.ഇ.ബി.എൽ ന്റെ ഓൺ ലൈൻ സംവിധാനത്തിലൂടെ ഉപഭോക്താക്കൾക്ക് ഊർജ്ജ സംരക്ഷണ സന്ദേശം അയച്ചു. |

| | |
|---|---|
| (ബി) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൽ ജനകീയ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് പഞ്ചായത്തുകളുമായി സഹകരിച്ച് പുതിയ പദ്ധതി ആവിഷ്കരിക്കുമോ; | (ബി) ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കുക എന്ന ലക്ഷ്യത്തോടുകൂടി അതാത് പഞ്ചായത്തുകളുമായി സഹകരിച്ച് എനർജി മാനേജ്മെന്റ് സെന്റർ ഊർജ്ജ കിരൺ, ഊർജ്ജ ക്ലിനിക്ക് എന്നീ പരിപാടികൾ നടത്തി വരുന്നു. എൻ.ജി.ഒ കൾ പൊതുജന വായനശാലകൾ എന്നിവയുമായി സഹകരിച്ചാണ് ഊർജ്ജ കിരൺ പരിപാടി നടത്തുന്നത്. ഇ.എം.സി-യിൽ നിന്ന് പരിശീലനം ലഭിച്ച വനിതാ വോളന്റിയർമാർ മുഖേനയാണ് ഊർജ്ജ ക്ലിനിക് പരിപാടി നടത്തുന്നത്. കൂടാതെ വേനൽക്കാലത്ത് ഊർജ്ജ സംരക്ഷണത്തിലൂടെ ഊർജ്ജ ദൗർലഭ്യം കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടി ഓരോ ബ്ലോക്ക് പഞ്ചായത്തിലും ഒരു ബോധവല്ക്കരണ പരിപാടി എന്ന നിലയിൽ നടത്തിവരുന്നുണ്ട്. കൂടാതെ കേരളത്തിലെ 10 പഞ്ചായത്തുകൾ ജനപങ്കാളിത്തത്തോടുകൂടി ഊർജ്ജ കാര്യ ക്ഷമതയുള്ള പഞ്ചായത്തുകളായി മാറ്റുന്നതിനുള്ള പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. |
| (സി) ഊർജ്ജ സംരക്ഷണം സംബന്ധിച്ച് വിദ്യാർത്ഥികളെ ബോധവല്ക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുമോ? | (സി) സ്കൂളുകളിൽ കുട്ടികൾക്ക് ഊർജ്ജ സംരക്ഷണ ബോധവല്ക്കരണം നടത്തുന്നതിനായി സ്മാർട്ട് എനർജി പ്രോഗ്രാം (SEP) എന്ന പദ്ധതി ഇ.എം.സി നടപ്പിലാക്കി വരുന്നുണ്ട് 4400 സ്കൂളുകൾ എസ്.ഇ.പിയുടെ ഭാഗമായിട്ടുണ്ട്.<br>ദേശീയ ഊർജ്ജ സംരക്ഷണ ദിനത്തോടനുബന്ധിച്ച് വിദ്യാർത്ഥികളിൽ ഊർജ്ജ സംരക്ഷണ ബോധവല്ക്കരണം നടത്തുന്നതിന് കെ.എസ്.ഇ.ബി.എൽ - വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ സൈക്കിൾ റാലി സംഘടിപ്പിച്ചു. കൂടാതെ കെ.എസ്.ഇ.ബി.എൽ - ന്റെ ഡി.എസ്.എം സെല്ലിന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ